# മുത്ത്





# ST.ANTONYS PRAY FOR US




# OUR FOUNDRESS

## MOTHER TERESA OF ST.ROSE OF LIMA



ശാസ്ത്ര സാങ്കേതിക വിദ്യയുടെ പ്രാധാന്യം വർധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ  കുട്ടികളുടെ കഴിവുകൾ കണ്ടെത്തി മറ്റുള്ളവർ ക്ക് മുമ്പിൽ പ്രദർശിപ്പിക്കുന്ന ഒന്നാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ മുത്ത് എന്ന ഡിജിറ്റൽ മാഗസിൻ. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ആശംസകൾ നേരുന്നു.

HEADMISTRESS
SHERIN M.M.

# പത്രാധിപസമിതി

കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുന്നതിനും വളർത്തുന്നതിനും പ്രോത്സാഹനം നൽകുന്നതിനുമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ രൂപംകൊടുത്തിട്ടുള്ള മുത്ത് എന്ന ഡിജിറ്റൽ മാസിക നിങ്ങൾക്കു മുമ്പിൽ സാദരം സമർപ്പിക്കുന്നു.

# ഉള്ളടക്കം

നനവ്.....07

അഞ്ച് പൊരുതുന്ന വിരലുകൾ.....08

എന്റെ പക്ഷി.....09

രണ്ടു പട്ടങ്ങൾ.....10

എന്റെ കേരളം.....11

മഴനൂൽ കിനാവുകൾ.....12

ബാല്യകാലം.....13

ഹ...ഹ... സൂത്രം.....14

അറിവിൻ മധുരം.....15

ഇരുട്ട് യുദ്ധങ്ങൾ.....17

കിനാവ്.....18

അമ്മയായ ഭൂമി.....19

അന്നൊരു ദിവസം സ്കൂളിൽ.....20

പ്രകൃതി സ്നേഹം.....21

എന്റെ ഗ്രാമം.....23

മഴവില്ലിന്റെ ഭംഗി.....24

June fourth.....25

മഞ്ഞുപൂക്കൾ.....26

പുതുവർഷം.....27

# നനവ്



മിഴിനീര് പടർന്ന
കൺപീലികൾക്കും
പറയുവാനുണ്ടേറെ
നനവാർന്ന കഥകൾ

നോവ് പതിഞ്ഞ ഹൃത്തടത്തിനും
ചേർത്ത് വയ്ക്കാനുണ്ടേറെ
നനവാർന്ന നിമിഷങ്ങൾ

ഒളി മങ്ങാത്ത
ഓർമ്മകൾക്കും
കൂട്ടി വയ്ക്കാനുണ്ടേറെ
നനവിലലിഞ്ഞ ഇന്നലെകൾ

Abisha. K. Bibi
IX B

# അഞ്ച് പൊരുതുന്ന വിരലുകൾ

ഒരിക്കൽ ഒരു കൈയിലെ 5 വിരലുകൾ തമ്മിൽ തർക്കിച്ചു. അവരിൽ ആരാണ് പ്രധാനി എന്നായിരുന്നു തർക്കം. തള്ളവിരൽ പറഞ്ഞു, "എന്തും എടുക്കാനും എഴുതാനും ഞാൻ വേണം. ചൂണ്ടുവിരൽ വാദിച്ചു, "എന്തിനെയും ചൂണ്ടിക്കാണിക്കാനും, ഒന്നാമത് എന്നു സൂചിപ്പിക്കാനും ഞാൻ വേണം. നടുവിരൽ പറഞ്ഞു, "നീളത്തിൽ ഞാനാണ് ഒന്നാമൻ - ജന്മനാ നേതാവ് അണിവിരൽ അവകാശപ്പെട്ടു, "വിവാഹമോതിരം അണിയുന്നത് ഞാൻ ആണ്. കുടുംബത്തിന്റെ കിരീടവും, സ്നേഹത്തിന്റെ പ്രതീകവും ആണ് മോതിരം. ചെറുവിരൽ പറഞ്ഞു, "ഏറ്റവും കൂടുതൽ ഓമനത്തം എനിക്കാണ്. കൈ തൊഴുമ്പോൾ ഞാൻ ആണ് മുൻപിൽ നിൽക്കുന്ന നേതാവ്. അവസാനം, കൈയുടെ ഉടമസ്ഥൻ പറഞ്ഞു, "നിങ്ങൾ എല്ലാവരും എനിക്ക് ഒരുപോലെ പ്രധാനവും പ്രിയങ്കരവും ആണ്. ഒറ്റയ്ക്ക് നിന്നാൽ നിങ്ങൾ നിസ്സഹായരാണ്. എന്നാൽ,ഒത്തുശ്രമിച്ചാൽ നിങ്ങൾക്ക് എന്തും ചെയ്യാൻ സാധിക്കും.





Anviya Sajan
IX D

# എന്റെ പക്ഷി

നിലാവ് പൊയ്തൊരാ രാത്രിയിൽ
ഒഴുകി വന്നൊരാ പാട്ട്
എനിക്കായ് പാടിയതാരോ
താരകമോ..... രാക്കിളിയോ.....
മഴപെയ്തു തോർന്നൊരാ പുലരിയിൽ
എനിക്കായ് വിരിഞ്ഞൊരാ പനിനീർപ്പൂവിനു
അഴകെഴും നിറമേകിയതാരോ
മഴവില്ലോ.....സന്ധ്യയോ.....
ഈ മൂടൽമഞ്ഞിൻ താഴ്‌വരയിൽ
ഏകയായ് ഞാൻ നിൽക്കവേ
എനിക്കായ് ചിറകുതന്നൊരെൻ പക്ഷി
പറക്കട്ടെ ഞാൻ ഉയരങ്ങളോളം

Mariya Francis
IX A



# രണ്ടു പട്ടങ്ങൾ!



കാറ്റിനോടൊപ്പം മേലെ
കഴിഞ്ഞ നാൾ വർണ്ണക്കടലാസു
കീറി ഈർക്കിലി ചൂലിന്റെ
ഒരു ചില്ലവെട്ടി ചക്കയരക്കു
തേച്ചുമെനഞ്ഞൊരു പട്ടം
ചൂണ്ടനൂൽ കോർത്തെറിഞ്ഞു
ഞാൻ മേലെ വെള്ളിമേഘ
കൂട്ടിൽ ഒളിഞ്ഞിരിക്കും
കുഞ്ഞു നക്ഷത്രമീനുകൾ
ഇരകൊത്തി വലിക്കുവാൻ
കുറുമ്പിന്റെ ബാല്യം
പറത്തിയ പട്ടമാണ് ഓർമ്മയിൽ
പിന്നിട്ടകാലം നിറകൂട്ടുമിന്നി
പ്പറക്കുന്നാ പട്ടം! മറ്റൊരുദിക്കിൽ
വേരറ്റഞ്ഞാനൊരു നൂലറ്റ പ്പട്ടവും

Jisna MG
IX C

# എന്റെ കേരളം

പരശുരാമൻ മഴു എറിഞ്ഞ കേരളം
അറബിക്കടലും സഹസ്യാനുവും അതിരിടുന്ന കേരളം
കേര വൃക്ഷവും നെൽ വയലുകളും നിറഞ്ഞ് മരതക ശോഭയിൽ എൻ കേരളം
മാവേലി നാടു ഭരിച്ച സങ്കൽപവും
കളവും ചതിയുമില്ലാത്ത
മാനവരൊന്നായി വാഴുന്ന
മറ്റൊരു സുന്ദര സ്വപ്നമെൻ കേരളം

Theertha Arun
IX A



# മഴനൂൽക്കിനാവുകൾ

----------------------------------

മധുരമീ പുതുമഴ പുലരിയെ  പുൽകുന്ന
പൂമഴ തേൻമഴ കുളിർ മഴയായി.
കുനുകുനെയുതിരുന്ന തൂമഴ തുള്ളികൾ
 തളിരിലും പൂവിലും മുത്തമിട്ടു. പൊള്ളുന്ന രാവിൻറെ നെറുകയിൽ ചിതറുന്ന
കുളിർമണി മുത്തുകൾക്കെന്തു ഭംഗി.
തൈമണിക്കാറ്റിന്റയൊപ്പമീപ്പൂക്കുന്ന താഴ്വരത്തൊപ്പിലും കുളിർ ചൊരിഞ്ഞു.
പുഴതൻറെ മരവിച്ച കൈകളാൽ പുണരവെ
പുളകമായി മഴ വന്നു മനമറിഞ്ഞു.
മഴയെന്റെ താളമായി ഹൃത്തിലും മുഗ്ദ്ധമായി
പൊഴിയുന്ന കവിതയായി പെയ്തിറങ്ങി.

Avelin Maria Luiz
IX c



# ബാല്യകാലം

വരുമോ ഇനിയുമൊരു ബാല്യകാലം..

തരുമോ ഇനിയുമൊരു

സ്നേഹകാലം..

മാവിൻ ചുവട്ടിലും മാമ്പഴത്തേനിലും,

മധുരമായി നിന്നൊരു

ബാല്യകാലം..

അമ്മതൻ സ്നേഹം നെഞ്ചിൽ തുള്ളിക്കളിച്ചൊരു കുഞ്ഞുകാലം..

കൊച്ചു പിണക്കവും , ഇണക്കവുമായുള്ള ചങ്ങാത്ത കാലം...

പോയിപ്പൊയ് മറയുന്നൊരു ബാല്യകാലമേ... തിരിച്ചു വരുമോ നീ ...?!

Fathima Noureen P.S
IX D



# ഹ.. ഹ.. സൂത്രം *

ഒരു ദിവസം തമാശക്കാരൻ അക്കു മുയലും ചങ്ങാതി ചിക്കു മുയലും പുൽമേട്ടിലൂടെ പോവുകയായിരുന്നു. കിട്ടിപ്പോയി",ചോട്ടുക്കുറുക്കൻ ചിക്കുവിന്റെ കാലിൽ കടിച്ചുപിടിച്ചു."രക്ഷിക്കണേ അക്കൂ..."ചിക്കു കരഞ്ഞു. അപ്പോൾ സൂത്രക്കാരൻ അക്കു തമാശ പറഞ്ഞു: "കുറുക്കന്റെ വയറ്റിൽ സുഖമായി ഉറങ്ങാം.ഹ..ഹ..." അതുകേട്ട് കുറുക്കനും"ഹ...ഹ...ഹ..." എന്ന് ചിരിച്ചു.കുറുക്കൻ വാ തുറന്നതും ചിക്കുവും അക്കുവും ഓടി മാളത്തിൽ കയറി രക്ഷപ്പെട്ടു.

Milin Rose Babu

IX C

# അറിവിൻ മധുരം

പ്രണവം നിറഞ്ഞ പുളിനം
അറിവിൻ ശതാബ്ദി മധുരം
ശലഭം നിറങ്ങളണിയും
വഴിയേ പറന്ന കിളിനാം




മഴവിൽ മെനഞ്ഞ ചിറകിൽ
പഴയ കാലമൊരു താളിൽ
പുതിയ പീലി ചിരി തൂകും
പ്രണവം നിറഞ്ഞ പുളിനം
അറിവിൻ മധുരം
അറിവിൻ മധുരം..........

Niranjana A. R
IX A



# ഇരുട്ട് യുദ്ധങ്ങൾ

അന്ധകാരം ലോകം മുഴുവൻ വ്യാപിച്ചിരിക്കുകയാണ്, ഇത് ഇന്നും ഇന്നലേയും ഉണ്ടായതുമില്ല. ആദിയിൽ അന്ധകാരം മാത്രമായിരുന്നു എന്നാണ് വേദഗ്രന്ഥങ്ങളിൽ കാണുന്നത്.മനുഷ്യരിൽ ദുഷ്ടത വർധിച്ചുവരുമ്പോൾ സമാധാനം നഷ്ടപെടുന്നു. ഇതോടെ അക്രമസക്തി ഉണ്ടാകുന്നു. പിന്നെ നശീകരണങ്ങളും കൊല്ലും കൊലയുമായി. ഇത് പരസ്യ തലത്തിലും രഹസ്യതലത്തിലും ഉണ്ടാകുന്നു. ആധുനിക കാലത്ത് വെല്ലുവിളികൾ ഇല്ല. അട്ടഹാസങ്ങളില്ല രഹസ്യതലത്തിൽ ആധുനിക സംവിധാനങ്ങളോടെ നല്ല അടക്കത്തിലും ഒരുകാലത്തിലും ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നവരെ ആരും തിരിച്ചറിയുന്നുമില്ല.ശത്രുവാര്? മിത്രമാര്? എന്ന് തിരിച്ചറിയാനാവാതെ ഇരുറ്റുയുദ്ധം ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്....

---

Devika K S
IX C



# കിനാവ്



പകൽ കിനവിന്നും
പതിവുപോലെ
പുളിയിരക്കരെ
പുടവ ചുറ്റി,
പൊട്ടു തൊട്ടു ,
വാലിട്ട് കണ്ണെഴുതി,
മുട്ടോളമെത്തും മുടി, യാഴകിൽ
മുല്ലപ്പൂ  മാല ചൂടി മനസ്സിന്റെ കടവത്തൂറന്ന്
തോണിയേറി തുഴയുന്നു ...
ഇതുവരെ കാണാത്ത മഴവില്ല് തേടി...
മലർക്കടൂ തേടി.....

Stefeena k.j
IX A

# അമ്മയായ ഭൂമി

ഇന്നത്തെ കാലഘട്ടത്തിൽ ഏറെ പ്രാധാന്യത്തോടെ കൂടി നാം ചർച്ച ചെയ്യുന്ന ഒരു വിഷയമാണ് പ്രകൃതി സംരക്ഷണം എന്നത്.നമ്മുടെ അമ്മയെ നാം സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന പോലെ തന്നെയാണ് നമ്മുടെ അമ്മയാകുന്ന ഭൂമിയെയും നാം സംരക്ഷിക്കേണ്ടത്. നാം വസിക്കുന്ന ഭൂമി ഇന്ന് പലതരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയ ആയിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ ഭൂമിയുടെ താളം തന്നെ തെറ്റുകയാണ്. വനനശീകരണം ജലസ്രോതസ്സുകളുടെ  മലിനീകരണം, ജീവജാലങ്ങളുടെ വംശനാശം, നമ്മുടെ വലിച്ചെറിയൽ സംസ്കാരം, രാസവസ്തുക്കളുടെ ഉപയോഗം, എന്നിവയെല്ലാം ഭൂമിയെ നാശത്തിന്റെ വക്കീലത്തിക്കുന്നു. ഇതിന്റെയെല്ലാം പരിണിതഫലമാണ് ആഗോളതാപനവും, ശുദ്ധജലത്തിന്റെ ആഭാവവും, മാറാരോഗങ്ങൾ, പ്രളയം, വരൾച്ച, പ്രവാചനാതേമായ കാലാവസ്ഥ എന്നിവ.

പുതുതലമുറയായ നമ്മ ഓരോരുത്തരും ആണ് അമ്മയായ ഭൂമിയെ സംരക്ഷിക്കേണ്ട പ്രവർത്തനങ്ങൾക്ക് മുൻകൈഎടുക്കേണ്ടത്.



പാർവതി എം ബിജു
X

# അന്ന് ഒരു ദിവസം സ്കൂളിൽ

അമ്മുവിന്റെ കുടിലിനെ പ്രഭാത സൂര്യകിരണങ്ങൾ തഴുകി. അമ്മു മെല്ലെ ഉണർന്നു. അവൾ കുടിലിനു പുറത്തിറങ്ങി പൊട്ടിവിരിഞ്ഞ പ്രഭാതസൂര്യന്റെ ഭംഗി ആസ്വദിക്കുകയാണ്. കാറ്റിൽ പാറിപറക്കുന്ന നീളൻ മുടി, തക്കാളി പോലെ ചുവന്ന ചുണ്ടുകൾ, നീളൻ മൂക്ക്, വാനിലെ നക്ഷത്രം പോലെ തിളങ്ങുന്ന മിഴികളും ഇതായിരുന്നു അമ്മു. അവൾക്ക് 11 വയസ്സായിരുന്നു. അവളുടെ കുടിലിൽ അച്ഛനും അമ്മയും ഉണ്ടായിരുന്നു. അമ്മ വീട്ടുവേലകൾ ചെയ്താണ് അവളെ വളർത്തിയത്. അമ്മ വീട്ടുവേലയ്ക്ക് പോകുന്ന നേരം അമ്മു കുടിലിലെ പണികളെല്ലാം ചെയ്യും. അവളുടെ അച്ഛൻ മുഴുക്കുടിയനും അലസനും ആയിരുന്നു അതുകൊണ്ട് പലപ്പോഴും വീട്ടിൽ പട്ടിണിയായിരുന്നു . അമ്മു ഉണരുന്നതും ഉറങ്ങുന്നതും അമ്മയുടെ കരച്ചിൽ കേട്ടാണ്.


അങ്ങനെയിരിക്കെയാണ് അവരുടെ ഗ്രാമത്തിൽ പുതിയ പഞ്ചായത്ത് പ്രസിഡന്റ് വരുന്നത്. ഇരുനിറം, നല്ല ഉയരം,മെലിഞ്ഞു,ഒരു 50 വയസ്സ് തോന്നും. 'നാരായണൻ' എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്.നല്ലൊരു മനുഷ്യനായിരുന്നു അദ്ദേഹം. ആ ഗ്രാമത്തിലെ എല്ലാ വീടുകളും അദ്ദേഹം സന്ദർശിച്ചു. ഗ്രാമത്തിലെ ഏറ്റവും പാവപ്പെട്ട വീട് അമ്മുവിന്റെതായിരുന്നു. അദ്ദേഹത്തിന് അമ്മുവിനെ വളരെ ഇഷ്ടമായി. അവളെ കുറിച്ച് ഓർത്തപ്പോൾ അദ്ദേഹത്തിന് വളരെ സങ്കടവും സഹതാപവും തോന്നി.അദ്ദേഹം അവളോട് ചോദിച്ചു 'നീ സ്കൂളിൽ പോകുന്നില്ലേ ?' അവൾ പറഞ്ഞു. ഇല്ല,..... അമ്മുവിന്റെ കണ്ണുകൾ ഈറനണിഞ്ഞു.'കരയല്ലേ,നീ ഇതിന് മുമ്പ് സ്കൂളിൽ പോയിട്ടുണ്ടോ?' അദ്ദേഹം അവളെ ആശ്വസിപ്പിച്ചുകൊണ്ട് ചോദിച്ചു. അമ്മു ഈറനണിഞ്ഞ കണ്ണുകൾ കൊണ്ട് മെല്ലെ അദ്ദേഹത്തെ നോക്കിക്കൊണ്ട് പറഞ്ഞു.'പോയിട്ടുണ്ട്'. അദ്ദേഹം ചോദിച്ചു. 'പിന്നെന്താ പഠിത്തം നിർത്തിയത്. കഷ്ടപ്പാട് കൊണ്ടാണോ?'അവൾ പറഞ്ഞു.' എന്നെ പുറത്താക്കിയതാ ' അമ്മു പൊട്ടിക്കരഞ്ഞു.' എന്തിന്? അദ്ദേഹം ചോദിച്ചു.' അന്നൊരു ദിവസം സ്കൂളിൽ,... കരഞ്ഞുകൊണ്ട് അവൾ തുടർന്നു.' അച്ഛൻ കുടിച്ചു കൊണ്ട് സ്കൂളിൽ വന്നു ടീച്ചറുടെ അനുവാദമില്ലാതെ ക്ലാസ് മുറിയിൽ കയറി. എന്നെ കുറെ തല്ലി. കുറെപിച്ചും പേയും വിളിച്ചു പറഞ്ഞു.തല്ല് സഹിക്കാനാവാതെ ഞാൻ സ്കൂൾ മുറ്റത്തേക്ക് ഓടി. എന്റെ കരച്ചിലും അച്ഛൻ തല്ലുന്നതും എല്ലാം വഴിക്കൂടെ പോയവർ കണ്ടു. എന്നോട് ഹെഡ്മാസ്റ്റർ പറഞ്ഞു. 'ഒരു കുടിയന്റെ മകൾക്ക് ഇവിടെ പഠിക്കാൻ ആവില്ല എന്ന് '. ഞാൻ പൊട്ടിക്കരഞ്ഞു. അതുവരെ ചിരിച്ചു കൊണ്ടിരുന്ന സൂര്യൻ മറഞ്ഞു. ആകാശം ഇരുണ്ടു. ആകാശം കരഞ്ഞു. ആ കരച്ചിലിൽ എന്റെ കണ്ണീർ ആരും കണ്ടില്ല. ഞാൻ സ്കൂൾ വിട്ടു ഇറങ്ങി. അന്നത്തോടെ എന്റെ പഠിത്തം തീർന്നു '. അദ്ദേഹം അവളെ ആശ്വസിപ്പിച്ചു. അദ്ദേഹം അവളെ പഠിപ്പിക്കാനുള്ള പൈസ നൽകി അവളെ പഠിപ്പിച്ചു വലിയ നിലയിൽ ആക്കി.വർഷങ്ങൾ കഴിഞ്ഞു, അദ്ദേഹം മരിച്ചു. അമ്മു ഒരു ടീച്ചറായി. അവളെ പുറത്താക്കിയ സ്കൂളിൽ ടീച്ചറായി തിരിച്ചെത്തിയ അമ്മു ആ നിമിഷം ഓർത്തത് ' നാരായണൻ' എന്ന ആ നല്ല മനുഷ്യനെ പറ്റിയും അന്ന് ഒരു ദിവസം സ്കൂളിൽ............

Rosemary Jimmy
Std :- IX A

# "പ്രകൃതിസ്നേഹം"

പ്രകൃതി സ്നേഹം എന്ന് ചിന്തിക്കുമ്പോൾ ഏതൊരു മനുഷ്യൻറെ മനസ്സിലും കടന്നുവരുന്നത് എന്താണ്? അതെ കൂട്ടുകാരെ, ഒറ്റവാക്കിൽ പറഞ്ഞാൽ പ്രകൃതി നമുക്ക് എല്ലാം ആണ്. നമുക്കു ചുറ്റും കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന വിഭവങ്ങളുടെ ആകെ തുകയാണ് പ്രകൃതി. പ്രകൃതിയോട് ഒരു ആത്മബന്ധം ഉണ്ടായാൽ മാത്രമേ നമുക്ക് നമ്മുടെപ്രകൃതിയെ സംരക്ഷിക്കാനാകു. ഒരിക്കൽ മഹാത്മാഗാന്ധി ഇങ്ങനെ പറയുകയുണ്ടായി. നിന്നിലും നിൻറെ ചുറ്റിലും ഈശ്വരൻ ഉണ്ട്. ചുറ്റിലും എന്ന് സൂചിപ്പിക്കുന്നത് നമ്മുടെ പരിസ്
ഥിതിയാണ്. വായു, വെള്ളം, മണ്ണ് ഹരിതകമായ സസ്യജന്തുജാലങ്ങൾ എന്നിങ്ങനെ ആവരണം ചെയ്യപ്പെട്ടുകിടക്കുന്നു നമ്മുടെ ഭുമി. നമ്മുടെ മാതാവിനെയും പിതാവിനെയും, ഗുരുക്കൻമാരെയും സ്നേഹിക്കുന്നു. എന്നാൽ കൂട്ടുകാരെ എന്തിനാ അവരെ നാം സ്നേഹിക്കുന്നത്? നമ്മെ സംരക്ഷിക്കുകയും നമ്മുടെ ആവശ്യങ്ങൾ നിറവേറ്റി തരുന്നതുകൊണ്ടും നമ്മൾ അവരെ സ്നേഹിക്കുന്നു. എന്നാൽ നമ്മുടെ പ്രകൃതിയെ നമ്മൾ എത്രമാത്രം സ്നേഹിക്കേണ്ടിവരും എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ. കൂട്ടുകാരെ ,വായുവില്ലാതെ നമുക്ക് ഒരു നിമിഷം ജീവിക്കാൻ സാധിക്കുമോ? പുഴകളും, തോടുകളും, നദികളും സസ്യങ്ങളും മരങ്ങളും പക്ഷികളും കൊണ്ട് നിറഞ്ഞ നമ്മുടെ ഭൂമിയെ മനുഷ്യൻ അറിഞ്ഞും അറിയാതെയും നശിപ്പിക്കുന്നു. പ്ളാസ്റ്റിക് വലിച്ചെറിഞ്ഞ് മണ്ണിൻറെ വായുസഞ്ചാരം കുറഞ്ഞ് എല്ലാം നശിക്കുന്നു. മണ്ണിലെ സൂക്ഷ്മജീവികൾ നശിക്കുന്നു. കാടും മേടും പുഴകളും നശിക്കുന്നു. പക്ഷിമൃഗാദികൾ നശിക്കുന്നു.കൃഷികൾ നശിക്കുന്നു എല്ലാവരും പറയും മരം ഒരു വരം .എന്നാൽ പത്ത് പുത്രൻമാർക്ക് സമമായ ഒന്നാണ് ഒരു മരം. അത് പണത്തിനുവേണ്ടി വെട്ടി എറിയുന്നു. നമ്മുടെ പരിസ്ഥിതിയെ കച്ചവടത്തിനു ഉപയോഗിക്കുന്നു. നമ്മുടെ പരിസ്ഥിതിയെ എങ്ങനെ സംരക്ഷിക്കുന്നുവോ അതുപോലെ ആയിരിക്കും നമ്മുടെ ആയുസ്സ് .വേണ്ടാത്ത വസ്തുക്കൾ വലിച്ചെറിഞ്ഞ് മലിനമാകുന്ന നമ്മുടെ പ്രകൃതി നമുക്ക് തരുന്നത് മാറാരോഗങ്ങളും പലവിധമായ അസുഖങ്ങളും ആണ്. നമ്മുടെ പ്രകൃതിക്ക് നേരെ വരുന്ന അതിക്രമങ്ങളെ ഒന്നിച്ചു നിന്ന് പൊരുതാം. ഒരുമിച്ച് കൈകോർക്കാം.

Sanjana Sunil
IX A


ZOO
←RED PANDA
BIRDS→

## എന്റെ ഗ്രാമം

--------------

എത്ര മനോഹരമാർന്നെന്റെ ഗ്രാമം
മലകളും നദികളും നിറഞ്ഞിടുന്നു.....
പച്ചപ്പ് മൂടിയ ഗ്രാമത്തിലെന്നും
ശലഭങ്ങൾ കിളികളും പാറിനടക്കും.....
യെത്ര പൊൻ പുലരി തൂകിടും കാലം
എല്ലാമിതത്ര പഴംകഥപോലും.....
മാലിന്യ കൂമ്പാരം പേറിയെൻ ഗ്രാമം
ജീവന് നാശമായ് നിൽപ്പിടുന്നോ.....
പുഴകൾ പാടങ്ങൾ ചുവപ്പുനിറത്താൽ
ചോരകൾ തുപ്പി ചിരിച്ചിടുന്നു....
ഇനിയെൻ ഗ്രാമത്തിൻ പച്ചപ്പുകാണുവാൻ
എന്നെന്നും ഞാനെന്നും കാത്തിരിപ്പു.......

Parvathi Manoj
IX A



# മഴവില്ലിന്റെ ഭംഗി

മനസ്സിൽ കുളിർ എറുന്ന മഴ തുള്ളികൾ കിടയിൽ ഞാൻ തേടിനടന്നത് നിന്നെ ആയിരുന്നു മഴവില്ലേ.

വെളിച്ചം വീശുന്ന സൂര്യന്റെ പ്രകാശം എറി നീ വാനിൽ ഒരു സുന്ദരിയായി പടർന്നു നിന്നും ഒരു ചേലുള്ള കവടി പോലെ.

നിന്റെ ഭംഗിയിൽ ഞാൻ അലിഞ്ഞു പോവുകയാണ് എന്റെ മനസ്സിലെ നിരാശകൾ പോലെ..

Malavika K R
IX: D



# *JUNEFOURTH*

Half done the day her duty
Nothing was special to her
But evening greeted me and her
With her willowing hands
Pain crept into me slowly
Yet vehemently piercing my heart
Doubtfully, gently watched her
Struggling to survive.
Breathing heavily and fearfully
Sat beside her blubbering
Not knowing she is lingering
With her last breath
Retched up a drop of blood
Leaving a stain of sweet memories
Dream of her to be alive with me
Her absence felt the presence
Thoughts punished me on to wake up
Me to revive my drooping spirit
Realizing the scar cannot be wiped out
And the pain of bygone **SCOOBY.**



*SR.AKHILA CSST*
*HST ENGLISH*

# മഞ്ഞുപൂക്കൾ

വിരിയുന്ന പൂവിന്മേൽ ചായുന്ന മഞ്ഞുതുള്ളികളേ, മഞ്ഞുകാലത്തെ തണുപ്പിൽ ഉറങ്ങുന്ന ഞങ്ങളെ ഉണർത്തുന്നത് നിന്നെ കാണാനോ,
പെയ്യുന്ന മഴത്തുള്ളികളേ പോലെ നീയും നിങ്ങൾക്ക് വേണ്ടി കാത്തുനിൽക്കുമോ.

~ sayana elsa

lX



# പുതുവർഷം

കാലചക്രത്തിൻ ഗമനവഴിയിൽ
പുതു വെളിച്ചത്തിൻ  നാമ്പ്.
ധന്യമാം മുഹൂർത്തത്തിൻ
മണിനാദം കേൾക്കാം ദൂരത്തായ്.
ചക്രവാളസരിമയിൽ സാമഗാനത്തിൻ
ഗീതികൾ തൻ അലകൾ.
വീണ്ടും എത്തുന്നു നവ വർഷം.
പുതിയ പ്രതീക്ഷകൾ,
പുത്തൻ ആശയങ്ങൾ,
ചുറ്റും നവഗന്ധപൂരിതം
സുഗന്ധമയം സാന്ദ്രം.
ഹൃദയരാഗമാല്യങ്ങളാൽ
മാനവരാശിക്കായ്
ഏകുന്നു പുതുപിറവിയിൽ
പ്രാർത്ഥനമന്ത്രങ്ങൾ

V. Aparna
IX - A







